# കമലത്തിന്റെ കത്ത്

സഞ്ജയൻ



കമലത്തിന്റെ കത്ത്

സഞ്ജയൻ

(മലയാളം: ലേഖനം)

© 2022, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Woman writing a letter, a painting by Gerard ter Borch (1617–1681). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കമലത്തിന്റെ കത്ത്

പ്രിയപ്പെട്ട ജാനു,

നീ അയച്ച അഞ്ചെഴുത്തുകളും എനിക്ക് കിട്ടിയിരിക്കുന്നു. പക്ഷേ, ഇഷ്ടത്തി, ഓരോ തിരക്കുകൊണ്ട് മറുപടി അയയ്ക്കുവാൻ സാധിക്കാതിരുന്നതാണ്. നീ വിചാരിക്കും എനിക്ക് ഇവിടെ എന്തു തിരക്കാണുള്ളതെന്ന്. ഇവിടെ വന്നു നോക്കിയാലേ അതിന്റെ കഥ അറിയൂ. എല്ലാ സമയത്തും കാര്യമായ പ്രവൃത്തിയുണ്ടെന്നല്ല ഞാൻ പറയുന്നത്. പക്ഷേ, എഴുത്ത് എഴുതുവാനിരിക്കുമ്പോൾ എന്തെങ്കിലും ഒരു മുടക്കമുണ്ടാകും. മുടക്കമൊന്നുമില്ലെങ്കിൽ, പെട്ടെന്ന് ഒരു മടി വരും; നാളെ എഴുതാമെന്ന് വിചാരിക്കും; അങ്ങനെ ദിവസങ്ങൾ പോകും. ഇന്നലെ ഞാൻ എഴുതുവാൻ തുടങ്ങുമ്പോൾ ഇവിടെ രാധയും നളിനിയും വന്നു. അവരെ നീ അറിയുകയില്ലല്ലോ. ബോംബെയിൽ ഏതോ കമ്പനിയിൽ പ്രവൃത്തിയുള്ള പി. എസ്. മേനോന്റെ മക്കളാണ്. പക്ഷേ, ഒരുവിധം നോക്കുമ്പോൾ അവരെ അറിയാത്തതാണ് ഭേദം. ഇത്ര തികഞ്ഞ അധികപ്രസംഗമുള്ള രണ്ടു കുട്ടികളെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. വിശേഷിച്ച് രാധ. നളിനി കുറെ സാധുവാണെന്നു തോന്നുന്നു. ഏതായാലും വാക്കിൽ രാധയെപ്പോലെ അധികപ്രസംഗമില്ല. ഉള്ളതൊക്കെ മനസ്സിലാണ്. അതാണ് അധികം അബദ്ധം—അല്ലേ? എന്നാലും അവൾ രാധയെപ്പോലെ ആളുകളെ ദ്വേഷ്യം പിടിപ്പിക്കുന്നില്ല. അതു സാമർത്ഥ്യമാണ്.

അയ്യോ, നീ രാധ സംസാരിക്കുന്നതു കേൾക്കണം. ചിരിച്ചു മരിച്ചു പോകും. കുട്ടി എന്തൊക്കെ കളിയാണീശ്വരാ കളിക്കുന്നത്! ശുദ്ധ ക്രാന്തത്തിയെപ്പോലെ. ലോകത്തിൽ സകലതും അവൾക്ക് അറിയാമെന്നാണ് നാട്യം. മറ്റുള്ളവരെ ഒരക്ഷരം പറയാൻ സമ്മതിക്കയില്ല. ഞാൻ ഏട്ടൻ കല്ക്കത്തയിൽ പോയ കഥ പറയുകയായിരുന്നു. അതു പകുതിയായപ്പോഴേക്ക് അവൾ അവളുടെ അച്ഛൻ ബിലാത്തിക്കു പോയ കഥ എടുത്തിട്ടു. ബിലാത്തിവർണ്ണന കേട്ടാൽ അവൾ ഇന്നലെ അവിടെനിന്നു മടങ്ങിവന്നതാണെന്നു വിചാരിച്ചുപോകും. അവൾ പറഞ്ഞത് മുഴുവൻ സൊള്ളാണെന്ന് എനിക്ക് അപ്പോൾത്തന്നെ തോന്നിയിരിക്കുന്നു. സൊള്ളല്ലെങ്കിൽ ഏതോ പുസ്തകത്തിൽ വായിച്ചതായിരിക്കണം. ചിലതൊക്കെ അവൾ പറഞ്ഞത് ഞാൻ ബാരിസ്റ്റർ കേശവമേനോന്റെ 'ബിലാത്തിവിശേഷ'ത്തിൽ വായിച്ചിരിക്കുന്നു. പക്ഷേ, ഞാനത് അറിഞ്ഞപോലെയൊന്നും നടിച്ചില്ല. അവൾ പോയതിനുശേഷം ഞങ്ങളെല്ലാംകൂടി അതിനെപ്പറ്റി പറഞ്ഞു ചിരിക്കുകയായിരുന്നു.

അവൾ ഇവിടെ വന്നതിന്റെ കാരണം കേൾക്കണോ? ഇതിനെടെ അവൾക്ക് അവളുടെ അച്ഛൻ ബോംബെയിൽനിന്ന് ഒരു പുതിയ സാരി അയച്ചുകൊടുത്തിട്ടുണ്ട്. അത് ഞങ്ങളെയൊക്കെ കാണിക്കുവാൻവേണ്ടി വന്നതാണ്. അതിന്റെ വർണ്ണന നീ കേൾക്കേണ്ടതായിരുന്നു. അതുപോലെത്തെ ഒരു സാരി ഇവിടെയൊന്നും കിട്ടുകയില്ലത്രേ. മദിരാശിയിലും കൂടിയില്ലെന്നു പറഞ്ഞു. പറയുന്നതു കേട്ടാൽ ത്തോന്നും അവൾ മദിരാശിയിലെ സകല ഷോപ്പുകളിലും പോയി അന്വേഷിച്ചിട്ടുണ്ടെന്ന്! അത് അഴിച്ച് ചുരുട്ടിപ്പിടിച്ചാൽ ഒരു പിടിയിൽ ഒതുങ്ങുംപോലും! ഈ കുട്ടിക്ക് ഇങ്ങനെ ആളുകളുടെ മുഖത്തുനോക്കി പച്ചക്കളവു പറയാൻ തോന്നുന്നല്ലോ! അത് ആരും അവൾ ഉടുത്തേടത്തുനിന്ന് അഴിച്ചുനോക്കുകയില്ലെന്ന ധൈര്യമുണ്ട്. അതുകൊണ്ട് ഓരോന്നു പറയുകയാണ്. അല്ലെങ്കിലും വേണ്ടില്ല, അതിന് വല്ല ഗുണവുമുണ്ടെങ്കിൽ, പാട്ടു പാടി നടക്കുന്ന പട്ടാണിച്ചികളുടെ ചേലപോലെയുണ്ട്. ആകാശനീലനിറത്തിൽ ചുകപ്പും പച്ചയും വരകൾ ഒരു വല്ലാത്തമാതിരിയിൽ കെട്ടിപ്പിണഞ്ഞു കിടക്കുന്ന സമ്പ്രദായത്തിലാണ്. എനിക്ക് ഒരു ലേശം പിടിച്ചില്ല. പക്ഷേ, ഞാനതു പറഞ്ഞില്ല. 'നിറം തരക്കേടില്ല. പൂപ്പണിയോ വെറും പുള്ളിയോ ആയിരുന്നുവെങ്കിൽ കുറെയധികം നന്നാകുമായിരുന്നു' എന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. അതവൾക്ക് തീരെ രസിച്ചിട്ടില്ല. 'അയ്യോ, നീയെന്തറിഞ്ഞു? നളിനി, പുള്ളിയും പൂവുമൊക്കെ നാട്ടിൽനിന്നു പോയ കഥ കമലം അറിഞ്ഞിട്ടില്ല!' എന്ന് വളരെ പരിഹാസ സ്വരത്തിൽ അനുജത്തിയോടു പറഞ്ഞു. 'ബോംബെയിൽ ഗവർണരുടെ അമ്മയുംകൂടി ഈ മാതിരി വരയുള്ള ഉടുപ്പാണ് ഇടുന്നതെന്ന് അച്ഛൻ എഴുതിയിരിക്കുന്നു. പക്ഷേ, ഒരു സമയം ഇതിലും അധികം വിലയുള്ളതായിരിക്കും. ഫാഷൻ ഇതുതന്നെയാണ്.' എന്ന് നളിനിയും ചേർന്നു പറഞ്ഞു; അവരുടെ അച്ഛൻ ഗവർണരുടെ വീട്ടിലാണോ താമസമെന്നു ഞാൻ ചോദിച്ചില്ല. എന്റെ നാവിന്മേലോളം വന്നു.

ഇഷ്ടത്തി, നീ എന്താണൊരു കാര്യം വേണ്ടത്? മദിരാശിയിൽനിന്ന് അതുപോലെ വരയുള്ള ഒരു സാരി എനിക്കു വാങ്ങി അയയ്ക്കണം. ബിൽ എത്രയാണെന്ന് അന്വേഷിപ്പിച്ച് എഴുതിയാൽ ഞാൻ അയച്ചുതരാം. നിറം അതുപോലെ ആയിരിക്കരുത്. ഇളം നീല എനിക്കു വളരെ ഇഷ്ടപ്പെട്ട നിറമാണ്. പക്ഷേ, അത് രാധയുടെ സാരിപോലെ ആയിപ്പോകും. അതു കൊണ്ട് റോസോ, ഇളംപച്ചയോ മതി. ഇതാ, നീല വാങ്ങരുതേ അത് പ്രത്യേകിച്ചു സൂക്ഷിക്കണം. മദിരാശിയിൽ ആ മാതിരി സാരി കിട്ടുമെന്നു എനിക്ക് നല്ല തീർച്ചയുണ്ട്. നീ എഴുതേണ്ട താമസമേയുള്ളൂ. അപ്പോൾ പണം അയയ്ക്കാം. പിന്നെ എനിക്കത് പത്തു ദിവസത്തിനുള്ളിൽ കിട്ടണം. ഈ മാസം 17-നു ഇവിടെ ലേഡീസ് ക്ലബ്ബിന്റെ വക ഒരു നാടകമുണ്ട്. ഇന്ന് അഞ്ചായില്ലേ? അതാണ് പത്തു ദിവസത്തിനുള്ളിൽ വേണമെന്നു പറഞ്ഞത്.

ഞങ്ങളുടെ ലേഡീസ് ക്ലബ്ബിനെപ്പറ്റി നീ ഒന്നും അറിഞ്ഞിട്ടില്ലല്ലോ! ഇപ്പോൾ ക്ലബ്ബിൽ ഞാനുൾപ്പടെ നാല്പത്തെട്ടു മെമ്പർമാർ ഉണ്ട്. പറയുന്നതിനിടയ്ക്ക്, 'മെമ്പർ' എന്ന പേരുമാറ്റേണ്ടിയിരുന്നു. ആണുങ്ങളുടെ പേരുപോലെയുണ്ട്. ഞാൻ അതിനെപ്പറ്റി ഇന്നാളൊരു ദിവസം സിക്രട്ടെരിയോടു പറഞ്ഞു. വിശാലാക്ഷിഅമ്മയാണ് 'സിക്രട്ടെരി'. അപ്പോൾ അവർ 'മെമ്പർ' പേരിനേക്കാൾ മോശമാണ് 'സിക്രട്ടെരി' എന്ന പേരെന്നു പറഞ്ഞു. ഈ സ്ഥാനങ്ങൾക്കൊക്കെ സ്ത്രീകൾക്കു പറ്റുന്നമാതിരി നല്ല ഭംഗിയുള്ള പേരുകൾ ആരും കണ്ടുപിടിക്കാത്തത് വലിയ കഷ്ടംതന്നെ. കഴിഞ്ഞാഴ്ച ക്ലബ്ബുവകയായി ഒരു മഹിളാസമ്മേളനം ഉണ്ടായിരുന്നു. 'ജനനനിയന്ത്രണ'ത്തെപ്പറ്റി ഒരു തിരുവിതാംകൂറുകാരി കനകവല്ലിയമ്മ പ്രസംഗിച്ചു. അവർ ഇംഗ്ലണ്ടിൽപോയി ഡോക്ടർഭാഗം പാസ്സായി വന്ന ഒരു സ്ത്രീയാണ്. കണ്ടാൽ കാക്കക്കുറത്തിയെപ്പോലെയുണ്ട്. മലയാളിസ്ത്രീകളൊക്കെ ഇങ്ങനെയാണെന്ന് ഇംഗ്ലണ്ടിലെ മദാമ്മമാർ വിചാരിച്ചിട്ടുണ്ടായിരിക്കും. അതിനെപ്പറ്റി ആലോചിക്കുമ്പോൾ എനിക്കു ലജ്ജയാകുന്നു. വാസ്തവത്തിൽ ഇങ്ങനെയുള്ള സ്ത്രീകളെ പുറരാജ്യങ്ങളിൽ അയയ്ക്കരുത്. വെറുതെ നമ്മുടെ പേരു പറയിക്കുവാൻ ഒരു വിദ്യ. അവർ വളരെ ഉയർന്ന നിലയിൽ പരീക്ഷ പാസ്സായിട്ടുണ്ടെന്നു, ഞാൻ ഇത് സ്വകാര്യമായി പറഞ്ഞപ്പോൾ, വിശാലാക്ഷിയമ്മ പറഞ്ഞു. 'മദാമ്മമാർ നമ്മളെ പോലെയല്ല; അവർക്ക് ബുദ്ധിയാണ് കാര്യം: നിറമല്ല' എന്നു പറഞ്ഞു. വിശാലാക്ഷിയമ്മ കറുത്തിട്ടാണ്; ഒന്നാംക്ലാസ്സായി ബി. എ. പാസ്സായിട്ടുമുണ്ട്. അതുകൊണ്ടാണ് മദാമ്മമാരെപ്പറ്റി ഇങ്ങിനെയൊരു സർട്ടിഫിക്കറ്റു കൊടുത്തത്. പക്ഷേ, ഞാൻ അതിന് 'അതെയോ? എന്നാൽ അതായിരിക്കും നല്ല ബുദ്ധിയുള്ള സ്ത്രീകളൊക്കെ മഹാവിരൂപിണികളായിരിക്കുന്നത്!' എന്നു മാത്രം സമാധാനം പറഞ്ഞു. പിന്നെ പ്രസംഗം കഴിയുന്നതുവരെ വിശാലാക്ഷിയമ്മ എന്നോടു മിണ്ടീട്ടില്ല. എത്ര എളുപ്പത്തിലാണ് ചിലർക്ക് ദ്വേഷ്യം പിടിക്കുന്നത്! അല്ലേ?

കനകവല്ലിയമ്മ ഒന്നര മണിക്കൂറു പ്രസംഗിച്ചു. സ്വരൂപംപോലെ ശബ്ദവും: പുരുഷന്മാരുടെ ഒച്ചപോലെയുണ്ട്. പക്ഷേ, അവരുടെ കാതിൽ രണ്ടു ഡ്രോപ്പ് തൂക്കിയതു കണ്ടു. അത് ഇളകിക്കൊണ്ടിരിക്കുമ്പോൾ കുറേശ്ശ നിറംമാറുന്നതുപോലെ തോന്നും. എന്തോ ഒരുതരം കല്ലാണെന്നു തോന്നുന്നു. ഞങ്ങൾ തമ്മിൽ മുമ്പു പരിചയം തീരെ ഇല്ലാതിരുന്നതുകൊണ്ട് അടുത്തു വന്നിരുന്നു സംസാരിക്കുമ്പോൾ ഞാൻ സൂക്ഷിച്ചു നോക്കിയില്ല. സാരി വാങ്ങുമ്പോൾ അതുപോലെയുള്ള ഡ്രോപ്പ് ഉണ്ടോ എന്നുകൂടി അന്വേഷിച്ചാൽ നന്നായിരുന്നു. ഓർ എന്റ് സൺസിൽ തീർച്ചയായി കിട്ടുമെന്നാണ് തോന്നുന്നത്. ജനനനിയന്ത്രണത്തെപ്പറ്റി അവർ എന്തൊക്കെയോ പറഞ്ഞു. എനിക്കു മുഴുവൻ മനസ്സിലായില്ല. പക്ഷേ, അവസാനം വോട്ടെടുത്തപ്പോൾ ഞാൻ വിശാലാക്ഷിയമ്മയുടെ കൂടെ കൈപൊന്തിച്ചു. സാധാരണ ഞാനതാണ് ചെയ്യാറ്. അല്ലെങ്കിൽ പിന്നീട് അവർ മറ്റുള്ളവരുടെ കൂട്ടത്തിൽവെച്ചു 'നിങ്ങളെന്താണ് എതിരായി വോട്ടുചെയ്തത്? എന്തൊക്കെയാണ് നിങ്ങളുടെ ന്യായങ്ങൾ? എന്നൊക്കെ ചോദിച്ചു വാഗ്വാദത്തിനൊരുങ്ങും. എനിക്ക് അങ്ങനെ ഒരിക്കൽ പറ്റി. ഒരു ദിവസം അമേരിക്കയിൽ പോയി തിരിച്ചുവരുന്ന ഒരു സ്ത്രീ എന്തിനെപ്പറ്റിയോ സംസാരിക്കുകയായിരുന്നു. അവരുടെ കഴുത്തിൽ ഏതാണ്ട് ഒരു ചെറിയ നെല്ലിക്കയോളം വലിപ്പമുള്ള മുത്തുകൾ കോർത്ത ഒരു വലിയ മൂന്നിഴമാലയുണ്ടായിരുന്നു. എന്റെ ഇഷ്ടത്തി, ഇലക്ട്രിക് വെളിച്ചത്തിൽ അതിന്റെ ഒരു ഭംഗി എഴുതി അറിയിച്ചുകൂടാ. അത് ഇംഗ്ലണ്ടിൽനിന്നു വരുത്തിയതാണെന്നും ആയിരത്തിഇരുനൂറ്ററുപ്പിക വിലപിടിച്ചതാണെന്നും വിശാലാക്ഷിയമ്മ പറഞ്ഞു. വില കുറെ കൂട്ടിപ്പറഞ്ഞതാണെന്ന് എനിക്കു തോന്നി. ഏതായാലും ഞാൻ അതിന്റെ ഭംഗിയിൽ ലയിച്ച് അതുതന്നെ നോക്കിക്കൊണ്ടിരുന്നു. ഒടുക്കം എന്തിനെപ്പറ്റിയോ ഒരു വോട്ടെടുത്തു. എതിരായി വല്ലവരുമുണ്ടെങ്കിൽ കൈ പൊക്കിയാൽ മതി എന്ന് അധ്യക്ഷ പറഞ്ഞു. ഞാൻ ഒന്നും ആലോചിക്കാതെ കൈ പൊക്കി. നാലു പുറവും നോക്കിയപ്പോൾ ഞാൻ മാത്രമേ കൈ പൊക്കീട്ടുള്ളൂ. കുറെപേർ ചിരിച്ചു. വിശാലാക്ഷിയമ്മയ്ക്കു വളരെ ദ്വേഷ്യംവന്നു. 'നിങ്ങൾ ഇങ്ങനെയാണെങ്കിൽ ക്ലബ്ബിന്റെ മാനംകെടുക്കും!' എന്നു മറ്റും പറഞ്ഞു. പ്രമേയം എന്താണെന്ന് അവരോടു ചോദിച്ചപ്പോൾ, അവർ കേൾക്കാത്ത ഭാവം നടിച്ചിരുന്നു. എന്റെ സ്വകാര്യാഭിപ്രായം, ആ സമയത്ത് മറ്റൊരാൾക്ക് പറഞ്ഞുകൊടുക്കുവാൻതക്കരീതിയിൽ അവർക്കു മനസ്സിലായിട്ടില്ലെന്നാണ്. അത് എങ്ങനെയായാലും പ്രമേയം സ്ത്രീകൾക്ക് എല്ലാ സംഗതിയിലും പുരുഷന്മാരെപ്പോലെ സ്വാതന്ത്ര്യം കിട്ടണമെന്നു നിശ്ചയിച്ചുകൊണ്ടുള്ളതാണെന്നു ഞാൻ പിന്നീടു വർത്തമാനക്കടലാസ്സുകളിലെ റിപ്പോർട്ടിൽനിന്നറിഞ്ഞു. എനിക്ക് വളരെ വ്യസനമായിപ്പോയി. അതിനുശേഷമാണ് ഞാൻ വിശാലാക്ഷിയമ്മ വോട്ടുചെയ്യുംപോലെ ചെയ്‌വാൻ തീർച്ചപ്പെടുത്തിയത്. അവർ കാര്യം കണ്ടല്ലാതെ വോട്ടു ചെയ്യുകയില്ല. ഏതു നിലയിലും അവരുടെ പിന്നീടുള്ള ശകാരം കേൾക്കാതെയും വാദപ്രതിവാദത്തിനു നില്ക്കാതെയും കഴിയുമല്ലോ എന്നാണ് എന്റെ സമാധാനം.

നീ പാറുക്കുട്ടിയുടെ വർത്തമാനം ഒന്നും അറിഞ്ഞിട്ടില്ലല്ലോ! അവളുടെ സംബന്ധക്കാര്യംകൊണ്ട് വലിയ കുഴപ്പമായിരിക്കുന്നു. അവൾക്ക് ഇൻഫ്ളുവെൻസ പിടിച്ചപ്പോൾ ചികിത്സിച്ച ഡോക്ടർ ഗോപാലമേനോനെ വിവാഹം ചെയ്യണമെന്നാണത്രേ മനസ്സിലുള്ളത്. അവളുടെ അച്ഛനും അമ്മയ്ക്കും ആദ്യം ഇക്കാര്യം ഗോപാലമേനോന്റെ വീട്ടുകാർ അന്വേഷിച്ചപ്പോൾ സമ്മതമായിരുന്നു. പക്ഷേ, അക്കാലത്ത് അവളുടെ മുമ്പാകെവെച്ച് ആരെങ്കിലും ഡോക്ടർ മേനോനെപ്പറ്റി പറഞ്ഞാൽ അവൾ അയാളുടെ ദോഷങ്ങൾ എണ്ണിത്തുടങ്ങും. ഞാൻ തന്നെ അതിനൊരു സാക്ഷിയാണ്. ഒരു ദിവസം ഞങ്ങളെല്ലാംകൂടി ഇരിക്കുമ്പോൾ ആരോ അയാളെക്കുറിച്ച് 'ഗോപാലമേനോൻ നല്ല സ്വഭാവവും പ്രാപ്തിയുമുള്ള ഡോക്ടരാണെ'ന്നു പറഞ്ഞു. പാറുക്കുട്ടിക്ക് അതു തീരെ രസിച്ചില്ല. 'എന്താണ് നിങ്ങൾ ഇത്രയൊക്കെ ഗുണം കണ്ടത്? അയാൾ രോഗികളോടു സംസാരിക്കുവാൻ പഠിച്ചിട്ടുവരണം. എന്റെ ആയുസ്സിന്റെ നീളംകൊണ്ട് ഞാൻ ജീവിച്ചുപോന്നതാണ്. എനിക്ക് സുഖക്കേടു മാറിയതിലല്ല അധികം സന്തോഷം: അയാൾ എനി വീട്ടിൽ ആ പേരും പറഞ്ഞു കയറിവരികയില്ലല്ലോ എന്നു വിചാരിച്ചാണ്. നാവെടുത്താൽ വിഡ്ഢിത്തമേ പറയൂ.' എന്നൊക്കെ അവൾ അരമണിക്കൂറുനേരം പ്രസംഗിച്ചു. ഈ വിവരമൊക്കെ അവളുടെ അച്ഛനും അമ്മയും അറിഞ്ഞു. 'നിങ്ങളെന്തിനാണ് ആ കുട്ടിയുടെ ജീവകാലം കെടുക്കുന്നത്? അവൾക്ക് അയാളെ അത്തവും ചതുർഥിയും കാണുമ്പോലെയാണ്!' എന്ന് അവളുടെ അമ്മയോടു ഞാനാണ് പറഞ്ഞത്. എങ്ങനെയോ (പത്മാവതിയുടെ ഭർത്താവു മുഖേനയാണെന്നു തോന്നുന്നു) ഈ വിവരം ഡോക്ടർ മേനോനും അറിഞ്ഞു. അദ്ദേഹത്തിനു വേറെ ഒന്നു രണ്ടു ദിക്കിൽ ആലോചന നടക്കുന്നുണ്ടായിരുന്നു. അവയിലൊന്നിന് അയാൾ സമ്മതിക്കുകയും ചെയ്തു. ഇപ്പോൾ പാറുക്കുട്ടി എല്ലാവരോടും മുഷിഞ്ഞു കൂട്ടത്തിൽകൂടാതെ നടക്കുകയാണ്. അവൾക്കു സംബന്ധമേ വേണ്ടെന്നാണ് പറയുന്നത്. ഇതൊക്കെ അവനവൻതന്നെ വലിച്ചിടുന്ന അനർത്ഥമല്ലേ? എനിക്ക് അവളെപ്പറ്റി ഒരു വ്യസനവും തോന്നുന്നില്ല. മനസ്സിൽ ഒന്നുവെച്ചു വേറൊന്നു പറയുന്നവർക്ക് അതു പറ്റണം. അവൾക്ക് അയാളുടെനേരെ സ്നേഹമുണ്ടെന്നു പറയാൻ ഇത്ര ലജ്ജയുണ്ടെങ്കിൽ, മറ്റേ അറ്റത്തു പോയി ദൂഷിക്കേണ്ടുന്ന ആവശ്യം എന്തായിരുന്നു? പക്ഷേ, എനിക്ക് എല്ലാറ്റിലും അദ്ഭുതം ആ ഡോക്ടരെപ്പറ്റിയാണ്. അവളുടെ മനഃസ്ഥിതി ഇത്രയധികം ദിവസം ചികിത്സിച്ചിട്ടും ആ വിഡ്ഢിക്ക് അറിയാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ എങ്ങനെയാണ് ഈ പരീക്ഷയൊക്കെ പാസ്സായത്? വാസ്തവത്തിൽ എനിക്ക് അതിനെപ്പറ്റി ആദ്യമേ ശങ്കയുണ്ടായിരുന്നു. പക്ഷേ, എന്നോടു പാറുക്കുട്ടി സത്യം തുറന്നു പറയാത്തതുകൊണ്ട് അറിഞ്ഞതായി ഞാനും നടിച്ചില്ല. ആരെയെങ്കിലും ഒരാളെ ഒരു പെണ്ണ് വിശ്വസിക്കണ്ടേ?

ഞാൻ വളരെയധികം എഴുതിപ്പോയെന്നു തോന്നുന്നു. ഇതാണ് കൂടക്കൂടെ കത്തയയ്ക്കാഞ്ഞാലുള്ള തരക്കേട്. എഴുതുമ്പോൾ വളരെയധികം എഴുതുവാനുണ്ടാകും. ശാരദയോടും, സരോജിനിയോടും, ശാന്തയോടും എന്റെ അന്വേഷണം പറയണേ. ഒരു മറുപടിയും അയയ്ക്കണം.

എന്ന്, പ്രിയപ്പെട്ട ജാനുവിന്, സ്വന്തം കമലാ.

P.S.

സാരിയുടെ കാര്യം മറക്കരുത്. എന്തു നിറമായാലും നീല പാടില്ല. വേറെ നല്ല നിറമില്ലെങ്കിൽ വെള്ള മതി. പക്ഷേ, മടച്ചൽ പോലെയുള്ള വരകൾ കൂടാതെകഴിയുകയില്ല. അതാണ് പ്രധാനം.

സ്വന്തം, കമലം.

P.P.S.

ഡ്രോപ്പ് ഏതു മാതിരിയായാലും തരക്കേടില്ല, മുക്കാൽ ഇഞ്ച് നീളം വേണം. കഴിയുന്നേടത്തോളം ഞാൻ പറഞ്ഞമാതിരിയുള്ളവ കിട്ടാൻ ശ്രമിക്കുമല്ലോ.

കമലം.

ജാനുവിന്റെ ബാലേട്ടൻ ഈസ്റ്ററിനു നാട്ടിലേക്കു വരുന്നുണ്ടോ? ഞാൻ വെറുതെ ചോദിക്കുകയാണ്. ഇന്നാളൊരു ദിവസം ആരോ അച്ഛനോട് അന്വേഷിക്കുന്നതു കേട്ടു. അതുകൊണ്ട് ചോദിച്ചതാണ്. മറുപടിക്കു കാക്കുന്നു. എല്ലാ വിവരങ്ങളെക്കുറിച്ചും എഴുതുമല്ലോ.

ഈ എഴുത്തിലുള്ള യാതൊരു വിവരവും ആരോടും പറയരുത്. വായിച്ച ഉടനെ നശിപ്പിക്കുകയും വേണം.

18-3-36

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ “സഞ്ജയൻ” എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുതുപനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.